# ആമുഖം

മൂത്തേടം ഗ്രാമപഞ്ചായത്തിൻറെ 2026–27 വർഷത്തെ ബജറ്റ് അവതരണ യോഗത്തിലേക്ക് എല്ലാവർക്കും സ്വാഗതം. ലഭ്യമായ വിഭവങ്ങളെ വളരെ സംതുലിതമായ രീതിയിൽ പഞ്ചായത്തിന്റെ സമസ്ത മേഖലകൾക്കും തുല്യമായി വിഭജിക്കുക എന്ന ശ്രമകരമായ ദൌത്യം ഈ ബജറ്റ് വളരെ സൂക്ഷ്മതയോടെ നിർവ്വഹിച്ചിട്ടുണ്ട്. കൃഷിയും അനുബന്ധ തൊഴിലുകളും ചെയ്ത് ജീവിക്കുന്ന സാധാരണക്കാർ അധികമുള്ള ഒരു ഗ്രാമീണ അന്തരീക്ഷമുള്ള പഞ്ചായത്താണ് മൂത്തേടം . അടിസ്ഥാന ജനവിഭാഗങ്ങളുടേയും പുതു തലമുറയുടേയും ആവശ്യങ്ങൾ ഒരുപോലെ കണ്ടറിഞ്ഞ് സമസ്ത മേഖലകളിലും വികസനം എത്തിക്കുക എന്നതാണ് നമ്മുടെ കാഴ്ചപ്പാട് . ആയതിനായി ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയ്ക്ക് അനുസൃതമായ പദ്ധതികൾ 2026–27 വർഷത്തെ ബജറ്റിലും ഉൾപ്പെടുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ജീവിത സാഹചര്യങ്ങളിലും സാമൂഹ്യ വ്യവസ്ഥിതിയിലും ഗുണപരമായ മാറ്റം ഉണ്ടാക്കുവാൻ കഴിയുമെന്നുള്ള കാഴ്ചപ്പാടിലൂന്നിയുള്ള വികസന സങ്കൽപ്പമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ പഞ്ചായത്തിനു മുന്നോട്ടു വെക്കാനുള്ളത്.

അടുത്ത വർഷത്തേക്കുള്ള നമ്മുടെ പഞ്ചായത്ത് പ്രതീക്ഷിക്കുന്ന മൊത്ത വരുമാനത്തിന്റെയും ചെലവിന്റെയും കണക്കുകളുടെ വിശദാംശമാണ് 2026–27 വർഷത്തേക്കുള്ള ബഡ്ജറ്റ്. സാമ്പത്തിക നിലനിൽപ്പിന്റെ അടിസ്ഥാനമായ ബജറ്റ് അതു കൊണ്ടു തന്നെ വളരെ പ്രധാനപ്പെട്ടതുമാണ്. വളരെ ക്ലേശിച്ച് ആർജ്ജിച്ച ധനം ബുദ്ധിപൂർവ്വം ചെലവഴിക്കുന്നതിന് ആസൂത്രണം അത്യന്താപേക്ഷിതമാണ്. വ്യക്തമായ ആസൂത്രണം കൊണ്ടു മാത്രമേ ഉയർച്ച കൈവരിക്കാനാവൂ. ആയതു പോലെ തന്നെയാണ് ധനം കുട്ടിവെച്ചാലുണ്ടാകുന്ന നിരർത്ഥകതയും. അതിനാൽ തന്നെ ബുദ്ധിപൂർവ്വമുള്ള ധനവിനിയോഗത്തിന്റെ പ്രസക്തി പ്രഥമഗണനീയമാണെന്നു വ്യക്തമാകുന്നു. ലഭ്യമായ പണം മുഴുവനും ആവശ്യങ്ങളുടെ പേരിൽ ചെലവഴിക്കുന്ന പ്രവണതയും അഭിലഷണീയമല്ല. അടിയന്തിര ഘട്ടം ആസന്നമായാൽ ആയതു തരണം ചെയ്യുന്നതിനു ധനബലം ഏറ്റവും അത്യാവശ്യമാകുന്നു. ഇത് ബജറ്റിൽ മിച്ചമെന്ന പേരിൽ കരുതിവയ്ക്കേണ്ട ധനത്തിന്റെ പ്രാധാന്യം സംശയരഹിതമായി വ്യക്തമാക്കുന്നു. ആമുഖമായി ഇത്രയും സൂചിപ്പിച്ചു കൊണ്ട് 2026–27 വർഷത്തെ ബജറ്റ് ഏവരുടേയും അപഗ്രഥനത്തിനും വിലപ്പെട്ട നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സെക്രട്ടറി
മൂത്തേടം ഗ്രാമപഞ്ചായത്ത്

# മൂത്തേടം ഗ്രാമപഞ്ചായത്ത് - ബജറ്റ് 2026-27

## ബജറ്റ് പ്രസംഗം

**(അവതരണം ശ്രീമതി അസ്സത്ത് ടി കെ, പ്രസിഡൻറ് മൂത്തേടം ഗ്രാമപഞ്ചായത്ത്)**

പ്രിയപ്പെട്ടവരെ,

നമ്മുടെ പഞ്ചായത്ത് കെ സ്മാർട്ട് സംവിധാനത്തിൽ പ്രവർത്തിച്ച് തുടങ്ങിയിട്ട് ഒരു വർഷം ആകുന്നു. ഇതിനോടകം തന്നെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പലവിധ അംഗീകാരങ്ങൾ കരസ്ഥമാക്കുന്നതിനു നമ്മുടെ പഞ്ചായത്തിനു സാധിച്ചിട്ടുണ്ട്. ജീവനക്കാരുടേയും ഭരണസമിതി അംഗങ്ങളുടേയും കൂട്ടായ പ്രയത്നം കൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിച്ചതെന്ന് എന്ന് നിസ്സംശയം പറയാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തോടുകൂടി ഒരേ പ്ലാറ്റ്ഫോമിന് കീഴിൽ കൊണ്ടുവന്ന് മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ആയതിനായി എല്ലാവരുടേയും നിസ്സീമമായ സഹായസഹകരണങ്ങൾ ഇനിയും ഉണ്ടാവണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ 2026-27 വർഷത്തേക്കുള്ള ബജറ്റിനെ സമീപിക്കുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ രണ്ടര പതിറ്റാണ്ട് പിന്നിടുമ്പോൾ ആയതിന്റെ ആസൂത്രണ നിർവ്വഹണ പ്രക്രിയകളുടെ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു സമീപനമാണ് ഈ വർഷത്തെ ബജറ്റ്. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് നടപടിക്രമങ്ങൾ മുഴുവനും പാലിച്ച് 2026-27 സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ എല്ലാ പദ്ധതികൾക്കും ഭരണസമിതി അംഗീകാരം നേടിയതിനു ശേഷമാണ് ബജറ്റിനെ നാം സമീപിക്കുന്നത്. ആയതു കൊണ്ടു തന്നെ ഒരു സമ്പൂർണ്ണ അർത്ഥത്തിലുള്ള ഒരു ബജറ്റ് തയ്യാറാക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പൊതു ഫണ്ടിന്റെ ഉപയോഗത്തെ ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ ഫലപ്രാപ്തി, വസ്തുനിഷ്ഠത, സുതാര്യത എന്നിവയുടെ അടിസ്ഥാനത്തിൽ നാട്ടുണർത്തുന്ന ചലനാത്മകമായ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുക എന്നതാണ് പഞ്ചായത്തിന്റെ സമീപന രീതി. വികസനോൻമുഖമായ നിരവധി പദ്ധതികൾ മുന്നോട്ടു വയ്ക്കുന്നതിനു നമുക്ക് സാധിച്ചിട്ടുണ്ട്.

വികസന കാര്യത്തിൽ വളരെയേറെ മുന്നിലെത്താൻ സാധിച്ചുവെങ്കിലും ഇനിയും വളരെ ദൂരം പിന്നിടുവാനുണ്ടെന്ന വസ്തുത നാം വിസ്മരിക്കാൻ പാടില്ല. വനമേഖലയാൽ ചുറ്റപ്പെട്ടു കിടക്കുന്ന മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വികസനമെത്തിക്കുക എന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. നമ്മുടെ തനതു വരുമാനങ്ങളും സർക്കാർ വിഹിതങ്ങളുമെല്ലാം ചേർന്നാലും നമ്മുടെ ആവശ്യത്തിന്റെ വളരെയകലെയാണ്.

എന്നിരുന്നാലും ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് തികച്ചും സംതുലിതമായി വിഭജിക്കാൻ ഈ ബജറ്റ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം റോഡുകളും നടപ്പാതകളും ഗതാഗത സജ്ജമാക്കി എന്നത് അടിസ്ഥാന സൌകര്യ മേഖലയിലുള്ള വികസനനേട്ടമാണ് എന്ന് നിസ്സംശയം നമുക്ക് പറയാം .

## കാഴ്ചപ്പാട്

സാമൂഹ്യനീതിയുടെ പരിപാലനം അടിസ്ഥാനമാക്കിയാണ് 2026-27 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. എല്ലാ മേഖലകളേയും പരമാവധി തൃപ്തിപ്പെടുത്തുന്ന രീതിയിൽ ലഭ്യമായ വിഭവങ്ങളെ പരമാവധി സംതുലിതമായി വിതരണം ചെയ്യുന്നതിനു ബജറ്റ് ശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും തികച്ചും അവികസിതവും അതി പിന്നാക്കാവസ്ഥയിലുള്ളതുമായ മേഖലകൾക്ക് വികസനത്തിന്റെ തണലേകുക എന്നതാണ് പൊതുവായ കാഴ്ചപ്പാട്.

## നയം

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ 27 അനിവാര്യ ചുമതലകളും പൊതു ചുമതലകളും നിർവ്വഹിക്കുന്നതിനാവശ്യമായ മാനുഷിക വിഭവശേഷി സർക്കാർ അനുവദിച്ചു തന്നിട്ടില്ല എന്ന വെല്ലുവിളിയിലും നമ്മുടെ ഒറ്റക്കെട്ടായ പ്രവർത്തനവും അത്യധ്വാനവും വെല്ലുവിളികളെ അവസരോചിതമായി മറികടക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്. ആയതു കൊണ്ടു തന്നെ ബജറ്റിൽ പ്രഖ്യാപിച്ച ഗുണനിലവാരത്തോടെയുള്ള പദ്ധതി നിർവ്വഹണം എന്ന നയത്തിൽ നാം ഉറച്ചു നിൽക്കുന്നു.

## ലക്ഷ്യങ്ങൾ

ഈ ബജറ്റിൻറെ ഭാഗമായി കുറച്ച് പ്രവർത്തനാശയങ്ങൾ മുന്നോട്ടു വയ്ക്കുന്നു. പങ്കാളിത്ത വികസന കാഴ്ചപ്പാട് നമ്മൾ മുന്നോട്ടു വെയ്ക്കുന്നുണ്ടെങ്കിലും ഗ്രാമസഭകളുടെ ഇടപെടൽ കുറഞ്ഞു വരുന്നു എന്നത് വാസ്തവമാണ്. പദ്ധതികളുടെ ഓരോ ഘട്ടത്തിലും ഗ്രാമസഭാ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുള്ള ശ്രമം നമ്മൾ നടത്തേണ്ടതുണ്ട്. എന്നിരുന്നാലും ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ്, ജീവനക്കാർ, മാറിമാറി വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാവരും ഒരേ മനസ്സോടെ പ്രയത്നിച്ച് പഞ്ചായത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളും പൊതു ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും എല്ലാം തന്നെ സമയബന്ധിതമായി പൂർത്തിയാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. വ്യവഹാരങ്ങൾ പരമാവധി കുറച്ചും പൊതുവായ

ധനവിനിയോഗം ക്രമീകരിച്ചും സാമ്പത്തികനില ഭദ്രമാക്കിയുമാണ് നാം മുന്നോട്ടു പോകുന്നത്. 2026-27 സാമ്പത്തികവർഷവും അത്തരം കരുതലുകളുടെ വർഷമായി മാറ്റാൻ നാം ലക്ഷ്യമിടുന്നു.

## മുൻഗണനാ വിഷയങ്ങൾ

ഒരു പൌരന്റെ ഏറ്റവും കുറഞ്ഞ സ്വപ്നമാണ് തല ചായ്ക്കാൻ ഒരു വീട് എന്നത്. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കും ഈ സ്വപ്നം വളരെ വിദൂരമായിരുന്നു. ആയതിനു ഒരു ശാശ്വത പരിഹാരമാണ് ലൈഫ് ഭവന പദ്ധതി. മാന്യവും വാസയോഗ്യമായ ഭവനം എല്ലാ പൌരൻമാർക്കും എന്ന് ഈ പദ്ധതി ലക്ഷ്യമിടുന്നു. അതു കൊണ്ടു തന്നെ നമ്മുടെ ഈ ബജറ്റ് പാർപ്പിട മേഖലക്ക് അർഹിക്കുന്ന പ്രാമുഖ്യം നൽകുന്നു. ലൈഫ് ഭവന പദ്ധതി മഖേന നാളിതുവരെ 645 വീടുകൾ പൂർത്തീകരിക്കുന്നതിന് നമുക്ക് സാധിച്ചു. കൂടാതെ ഈ സാമ്പത്തിക വർഷം 235 ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് പഞ്ചായത്തുമായി കരാർ ഒപ്പുവച്ച് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ഭവനരഹിതർ ഇല്ലാത്ത മൂത്തേടം എന്ന സ്വപ്നത്തിലേക്ക് നാം അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്നു.

വളരെ ദുർഘടപ്രദേശങ്ങളും വനമേഖലകളും നിറഞ്ഞ നമ്മുടെ ഗ്രാമത്തിന്റെ പ്രധാന വെല്ലുവിളിയാണ് ഗതാഗത സൌകര്യങ്ങളുടെ പരിമിതികൾ. എന്നാൽ വളരെ കൃത്യമായ ആസൂത്രണത്തോടെ ആക്ഷേപങ്ങൾക്കോ പരാതികൾക്കോ ഇടം നൽകാതെയുള്ള വകയിരുത്തലാണ് ഈയിനത്തിൽ 2026-27 വർഷത്തെ ബജറ്റ് വകയിരുത്തിയിട്ടുള്ളത് . പഞ്ചായത്തിൻറെ സമഗ്ര പശ്ചാത്തല വികസനം ലക്ഷ്യമാക്കിയിട്ടുള്ള വിവിധ പദ്ധതികൾക്കായി തുക മാറ്റി വച്ചിട്ടുള്ളത്.

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു നാടിന്റെ ഏറ്റവും വലിയ സമ്പത്ത്. നമ്മുടെ ആരോഗ്യ കേന്ദ്രങ്ങളെ അത്യാധുനിക സങ്കേതങ്ങളോടെയും മികച്ച സൌകര്യങ്ങളോടേയും കൂടുതൽ ജനസൌഹൃദവും ആക്കി മാറ്റുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്.

ഹരിത കേരളം പദ്ധതി അതിന്റെ ലക്ഷ്യം പൂർണ്ണമായി കൈവരിക്കണമെങ്കിൽ കേവലം മാലിന്യ ശേഖരണം മാത്രം മതിയാവില്ല. ശേഖരിച്ച മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുക കൂടി വേണം. കൂടാതെ ജനങ്ങളെ മാലിന്യസംസ്കരണത്തെ പറ്റി ബോധവാൻമാരാക്കുക എന്ന കർത്തവ്യം കൂടി നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. എന്നിരുന്നാലും ക്ലീൻ മൂത്തേടം പദ്ധതിയിലൂടെ വീട് വീടാന്തരം കയറി പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് നമ്മുടെ

പഞ്ചായത്തിൽ മാലിന്യമുക്ത ഗ്രാമമെന്ന പുതിയ സംസ്കാരം രൂപപ്പെടുത്തുന്നതിനു ഹരിതകർമ്മസേനയിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്. സ്ഥായിയായ മാലിന്യ നിർമ്മാർജ്ജന പരിപാടിയും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

ശുദ്ധമായ കുടിവെള്ളം ഏതൊരു പൌരന്റെയും അവകാശമാണ്. ആയത് ഉറപ്പു വരുത്തുക എന്നത് പഞ്ചായത്തിന്റെ ചുമതലയും. ആയതിനാൽ കുടിവെള്ള വിതരണം ഉറപ്പു വരുത്തുന്നതിനു വേണ്ട പദ്ധതികൾ ഈ വർഷവും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം മുതൽ ജലജീവൻ മിഷൻ മുഖേനയുള്ള കുടിവെള്ള വിതരണ പദ്ധതിക്ക് നാം തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്.

വന്യമൃഗങ്ങളിൽ നിന്നും പ്രദേശവാസികളുടെ ജീവനും സ്വത്തിനും നേരെയുള്ള ഭീഷണിയാണ് ഇന്ന് നമ്മുടെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. വന്യമൃഗങ്ങളുടെ ആക്രമത്തിൽ ജീവൻ വരെ നഷ്ടപ്പെട്ട സാഹചര്യം നിലവിലുണ്ട്. കൂടാതെ വിവിധ വന്യമൃഗ ആക്രമണങ്ങളിൽ പരിക്ക് പറ്റി ചികിത്സയിൽ കഴിയുന്നവർ നിരവധിയാണ്. ഇതിനെതിരെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഇടപെട്ട് ആവശ്യമായ നിയമനിർമ്മാണം അടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കാട്ടുമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കുന്നതിന് വിള ഇൻഷ്വർ ചെയ്ത കർഷകർക്കായി തുക വകയിരുത്തി സൌരോർജ്ജവേലി എന്ന പദ്ധതി നാം ഈ ബജറ്റിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്തിയും ഭിന്നശേഷിക്കാർ , വൃദ്ധർ , നിരാലംബരായ രോഗികൾ , അഗതികൾ, കുട്ടികൾ , സ്ത്രീകൾ , പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരുടെ സംരക്ഷണത്തിനും വികസനത്തിനും കൂടുതൽ തുക മാറ്റി വച്ച് ആ വിഭാഗത്തിൻറെ കരുതൽ പഞ്ചായത്ത് ഉറപ്പാക്കുന്നു.

## അവസ്ഥ വിശകലനം

നടപ്പു വർഷ പദ്ധതി 50 ശതമാനം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. വരും ദിനങ്ങളിൽ കൃത്യമായ ആസൂത്രണത്തോടെ മുന്നേറി 100 ശതമാനം പദ്ധതി ചെലവ് കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും.

## ധനസ്രോതസ്സും ഉപയോഗങ്ങളും

പഞ്ചായത്തിനു ലഭിക്കേണ്ട എല്ലാ ഇനം നികുതികളും ഫീസുകളും മറ്റ് നികുതിയേതര വരവുകളും 100 ശതമാനം പിരിച്ചെടുക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ തുടക്കം മുതൽ തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വസ്തുനികുതി പരിഷ്കരിക്കരണവും വിവിധ

സേവനങ്ങൾക്കുള്ള ഫീസുകളുടെ വർദ്ധനവും നിലവിൽ വന്നിട്ടുള്ളതിനാൽ വസ്തുനികുതി ഇനത്തിലും  വിവിധ പരിശോധനാ ഫീസ് ഇനത്തിലും പഞ്ചായത്തിൻറെ തനത് വരുമാനം അടുത്ത വർഷവും വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്.

പ്രഖ്യാപനങ്ങൾ വെറും കടലാസിൽ ഒതുങ്ങാതെ ജനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള ഫലപ്രാപ്തിയുള്ള പദ്ധതി നിർവ്വഹണത്തിനായും പഞ്ചായത്തിൻറെ തുടർ പ്രവർത്തനങ്ങളുടെ സുഖകരമായ നടത്തിപ്പിനായും എല്ലാ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

ബജറ്റ് അവതരണത്തിനായി ബഹു വൈസ്പ്രസിഡണ്ട് ശ്രീ. അബ്ദുറഹിമാൻ വി പി എന്നവരെ ക്ഷണിക്കുന്നു.

# മൂത്തേടം ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ്

## 2026-27

**(അവതരണം ശ്രീ. അബ്ദുറഹിമാൻ വി പി, വൈസ് പ്രസിഡണ്ട് )**

പ്രിയപ്പെട്ടവരെ.

മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഇന്നിവിടെ അവതരിപ്പിക്കപ്പെടുന്നത്. വരാനിരിക്കുന്ന കാലയളവിലേക്കുള്ള വരുമാന വിനിയോഗങ്ങളുടെ കണക്ക് തയ്യാറാക്കുമ്പോൾ നിശ്ചിതമായ ലക്ഷ്യങ്ങൾ നിറവേറ്റുവാനായുള്ള വിഭവങ്ങളുടെ കാര്യക്ഷമമായ സമാഹരണവും വിനിയോഗവും ഉറപ്പാക്കുന്ന സാമ്പത്തിക ആസൂത്രണമാണ് ബജറ്റിംഗ്. സാധാരണക്കാരനുമായി അടുത്തിഴപഴകുന്ന സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ജനങ്ങളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കുമൊപ്പം സഞ്ചരിച്ച് കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ആവശ്യങ്ങൾ അനവധിയാണെങ്കിലും സർക്കാർ വിഹിതങ്ങളും തനതു വരുമാനവും നമ്മുടെ വികസന പൂർത്തീകരണത്തിന് മതിയാവുന്നതല്ല എന്നത് യാഥാർത്ഥ്യമാണ്. ഈ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് എല്ലാ വിഭാഗങ്ങളേയും പരിഗണിച്ചു കൊണ്ട് ലഭ്യമായ വിഭവങ്ങളെ വളരെ സൂക്ഷ്മതയോടെ വിനിയോഗിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

ബജറ്റ് വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുകയാണ്.

## വരവുകളുടെ അവലോകനം

പഞ്ചായത്തിനു ലഭിക്കേണ്ട എല്ലാ ഇനം നികുതികളും ഫീസുകളും മറ്റ് നികുതിയേതര വരവുകളും 100 ശതമാനം പിരിച്ചെടുക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ വർഷാരംഭം മുതൽ തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൃത്യമായ ഇടവേളകളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തനത് വരുമാന പുരോഗതി വിലയിരുത്തുകയും ഫീൽഡിലടക്കം കൃത്യമായ ഇടപെടലുകൾ നടത്തി നികുതി പിരിവ് ഉദ്യോഗസ്ഥർക്കു വേണ്ട പിന്തുണ നൽകി. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ തനത് വരുമാനത്തിൽ മുൻവർഷങ്ങളിലേക്കാൾ വർദ്ധനവ് നേടുന്നതിനു നമുക്കു കഴിഞ്ഞു. ഈ മികച്ച നേട്ടം കൈവരിക്കുന്നതിനു അഹോരാത്രം പ്രവർത്തിച്ച പഞ്ചായത്തിലെ ഫീൽഡ് ഉദ്യോഗസ്ഥർ, ആയതിനു നേതൃത്വം നൽകിയ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ സെക്രട്ടറിയടക്കമുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നതിനു ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

## അധിക വിഭവസമാഹരണം

സർക്കാർ വിഹിതങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ട് നമ്മുടെ വികസന സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ സാധിക്കില്ല. അതിനായി നാം പുതിയ വരുമാന മാർഗ്ഗങ്ങൾ തേടേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, അധിക വിഭവസമാഹരണത്തിനായി നിരവധി പദ്ധതികൾ തയ്യാറാക്കുകയുണ്ടായി.

1.എല്ലാ കച്ചവടസ്ഥാപനങ്ങളേയും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഡി&ഒ ലൈസൻസ് ഫീസ് പുനർനിർണയിച്ച് പിരിച്ചെടുക്കുക

2. പുതുക്കിയ കെട്ടിടങ്ങൾ പരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കുക.

3. ഫീൽഡ് പരിശോധന നടത്തി നമ്പറിടാത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി ഈടാക്കുക

4. പഞ്ചായത്തിന്റെ ഫണ്ട് ലാഭകരമായി നിക്ഷേപിക്കുക

മേൽ പരാമർശിച്ച രീതിയിൽ 5 ലക്ഷം രൂപയുടെ അധികവിഭവ സമാഹരണം ഈ ബജറ്റ് ലക്ഷ്യം വെക്കുന്നു. നികുതി വരുമാനമായി വസ്തു നികുതി ഇനത്തിൽ 70 ലക്ഷം രൂപയും തൊഴിൽനികുതി ഇനത്തിൽ 1550000 രൂപയും കൂടി ആകെ 8550000/- രൂപ നികുതിയിനത്തിൽ പ്രതീക്ഷിക്കുന്നു. നികുതിയേതര വരുമാനമായി രജിസ്ട്രേഷൻ ഫീ, സർട്ടിഫിക്കറ്റ് ഫീ, പെർമിറ്റ് ഫീ , യൂസർ ചാർജ്ജ് എന്നിവയിലായി 4976400/- രൂപയും നടപ്പു വർഷം പ്രതീക്ഷിക്കുന്നു. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2,08,20,000/- രൂപയും പ്രതീക്ഷിക്കുന്നു.

## ചെലവ് നിർദ്ദേശങ്ങൾ

## കിസാൻ മിത്ര- കാർഷിക മേഖല

അടിസ്ഥാനപരമായി കാർഷികമേഖലക്ക് പ്രാധാന്യമുള്ള മണ്ണാണ് നമുക്കുള്ളത് കാർഷിക മേഖലക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് മുന്നോട്ടു പോകുന്നതിനായി നെൽകൃഷി വികസനപദ്ധതി, വനിതകൾക്കായി അടുക്കളതോട്ടം, തെങ്ങ് കൃഷി, പച്ചക്കറി കൃഷി, വാഴകൃഷി, കിഴങ്ങ് വിളകൾ, വെറ്റില കൃഷി, എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിള സംരക്ഷണത്തിനായി സൌരോർജ വേലി നിർമ്മാണം എന്നീ പദ്ധതികൾക്കായി 48 ലക്ഷം രൂപയോളം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കാമധേനു (മൃഗസംരക്ഷണം -ക്ഷീരവികസനം)

മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി കൂടുതൽ ആളുകൾ ക്ഷീരമേഖലയിലേക്ക് കടന്നു വരുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്. മൂത്തേടം ഗ്രാമപഞ്ചായത്തിൻറെ ക്ഷീരകാർഷിക മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വരുമാന മാർഗ്ഗമെന്ന നിലയിൽ വളർത്തുന്നതിനും കൂടുതൽ പ്രോത്സാഹനം നൽകേണ്ടതുണ്ട്. പാൽ സബ്സിഡിക്കും മൃഗാശുപത്രിയിലേക്ക് മരുന്നിനായും കാലിത്തീറ്റ സബ്സിഡിയായും കൂടുതൽ തുക ഈ വർഷം വകയിരുത്തി കൊണ്ട് ക്ഷീരമേഖലയെ കൈപിടിച്ചുയർത്താനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. കൂടാതെ പേവിഷബാധ മുക്ത മൂത്തേടം എന്ന പദ്ധതിയും വനിതകളുടെ ഉന്നമനത്തിനായി വിധവ ക്ഷീരകർഷകർക്ക് കാലിത്തീറ്റ എന്നീ പദ്ധതികളും ഉൾപ്പെടുത്തി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമത്തിനു ലക്ഷ്യമിടുന്നു. ഈ മേഖലയിൽ 37 ലക്ഷത്തോളം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## ഹെൽത്ത് ഈസ് വെൽത്ത് (ആരോഗ്യമേഖല)

പൊതുജനാരോഗ്യ മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അലോപ്പതി, ആയുർവേദ, ഹോമിയോ വിഭാഗങ്ങളിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ വികസനത്തിനും മരുന്നുകൾ വാങ്ങുന്നതിനും ഉൾപ്പെടെ ആരോഗ്യ മേഖലയിൽ 69 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ഗേഹം (പാർപ്പിടം)

തലചായ്ക്കാനൊരു വീട് എന്നത് ഓരോ മനുഷ്യന്റെയും സ്വപ്നമാണ്. പാർപ്പിട മേഖലക്ക് മുൻതൂക്കം നൽകിക്കോണ്ട് ഭവനരഹിതർ ഇല്ലാത്ത മൂത്തേടം എന്ന സ്വപ്നം സാക്ഷാത്കാരത്തിലേക്ക് നാം അതിവേഗം മുന്നേറികൊണ്ടിരിക്കുകയാണ്. ലൈഫ്, പിഎംഎവൈ ഭവന പദ്ധതികൾ ഉൾപ്പെടെ ഭവന നിർമ്മാണങ്ങൾക്കായി ആകെ 11 കോടിയോളം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ജലധാര (കുടിവെള്ളം)

ഇന്നു നാം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് കുടിവെള്ള ക്ഷാമം. കാലവർഷത്തിൽ കനത്ത മഴ പെയ്തിട്ടും കൊടും ചൂടും വരൾച്ചയും അനുഭവപ്പെടുന്നു. മഴക്കാലത്ത് ലഭ്യമായ ശുദ്ധജലം കാര്യക്ഷമമായി സംഭരിച്ചു വെച്ചും സംരക്ഷിച്ചു വെച്ചും വേനലിന്റെ രൂക്ഷത കുറയ്ക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുത്തേ മതിയാവൂ. ഇതോടൊപ്പം പ്രകൃതിദത്ത

ജലസ്രോതസ്സുകളായ തോടുകളും കുളങ്ങളും നീരുറവകളും അരുവികളും മലിനമാക്കാതെ സംരക്ഷിക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി വിവിധ കുടിവെള്ള പദ്ധതികൾക്കായി 36.5 ലക്ഷത്തോളം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വിജ്ഞാന കോശം (വിദ്യാഭ്യാസം-കല -സംസ്കാരം)

നമ്മുടെ രാജ്യത്തിന്റെ ഭാവി എന്നത് നല്ല വിദ്യാഭ്യാസം ലഭിച്ച ഭാവി തലമുറയുടെ കയ്യിലാണ്. ആയതു കൊണ്ടു തന്നെ ഏറ്റവും മികച്ചതും പൂർണ്ണവുമായ അടിസ്ഥാന വിദ്യാഭ്യാസം അവർക്ക നൽകേണ്ടത് നമ്മുടെ കടമയാണ്. ആയതിന്റെ ഭാഗമായി സമഗ്ര വിദ്യാഭ്യാസ പദ്ധതികൾക്കായും പശ്ചാത്തല സൌകര്യങ്ങൾ ഒരുക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും ആയി 25 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## നിരത്ത് (പശ്ചാത്തല വികസനം)

വികസനമെന്നത് പശ്ചാത്തല വികസനം എന്നതാണ് ഒരു സാമാന്യ സങ്കൽപം. എന്നാൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ബഹു ഭൂരുപക്ഷം വരുന്ന അതീവ ദുർബല ,ദരിദ്ര വിഭാഗങ്ങളുടെ ഉന്നമനം വളരെ സുപ്രധാനമായ ലക്ഷ്യമാണ്. ആയതുകൊണ്ട് തന്നെ പഞ്ചായത്തിലെ അതിപിന്നാക്കമേഖലയിലെ പശ്ചാത്തലവികസനത്തിന് ഈ ബജറ്റ് ലക്ഷ്യമിടുന്നു. യാത്രാസൌകര്യം അതീവദുർഘടമായ പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഗ്രാമീണപാതാ വികസനത്തിനും പഞ്ചായത്തിന്റെ മറ്റ് സമഗ്ര പശ്ചാത്തല വികസനത്തിനുമായി കേന്ദ്ര ധനകാര്യകമ്മീഷന്റെ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് ,തനത് ഫണ്ട് എന്നിവയിൽ നിന്നും 2.2 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കളിമുറ്റം (അങ്കണവാടി പോഷകാഹാരം, നവീകരണം)

അങ്കണവാടി പോഷകാഹാര വിതരണം അങ്കണവാടി കെട്ടിട നവീകരണം എന്നിവക്കായി ആകെ 80 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്

## മഹിളാ രത്നം (വനിതാ ക്ഷേമം)

സ്ത്രീശാക്തീകരണം, സ്ത്രീസുരക്ഷ എന്നിവക്ക് ഈ ബജറ്റ് പ്രാധാന്യം നൽകിയിട്ടുണ്ട്. വനിതാ വികസനത്തിനായുള്ള തൊഴിൽസംരംഭങ്ങൾ, കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട്,

വനിതകൾക്ക് ഫിറ്റനെസ് സെന്റർ, ആരോഗ്യ സംരക്ഷണം എന്നിവക്കായി 37 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**കൈകോർത്ത്** (പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം)

സാമൂഹികമായി മുന്നേറാൻ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നത് അനിവാര്യമാണ്. പ്രസ്തുത സമൂഹത്തെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തൊഴിലധിഷ്ഠിത പദ്ധതികൾക്കും മൽസരപരീക്ഷകൾക്കും കുട്ടികളെ തയ്യാറാക്കുന്നതിനായി അവർക്ക് പഠനോപകരണങ്ങൾ, ഫർണീച്ചറുകൾ, ആരോഗ്യപരമായ മുന്നേറ്റത്തിനായി കോളനികളിൽ മെഡിക്കൽക്യാമ്പ്, അനുപൂരക പോഷാകാഹാര പദ്ധതി, വീട് വാസയോഗ്യമാക്കൽ എന്നിവയ്ക്കായി ആകെ 82 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

**തലോടൽ** (വൃദ്ധരുടേയും ഭിന്നശേഷിക്കാരുടേയും ക്ഷേമം)

ജീവിതസായാഹ്നത്തിൽ ഒറ്റപ്പെടൽ അനുഭവിക്കുന്നവരുടെ സംരക്ഷണം എന്ന ഉത്തരവാദിത്വം ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ ദിശാബോധത്തോടെ പ്രസ്തുത വിഭാഗങ്ങളുടെ ആരോഗ്യപരമായും സാമൂഹ്യപരവുമായിട്ടുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനായിട്ടും ഭിന്നശേഷിക്കാരായവരുടെ ക്ഷേമത്തിനായി ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ, ഭിന്നശേഷിക്കാർക്ക് കലോത്സവം, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് എന്നീ ഇനത്തിൽ ആകെ 50 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്.

**നീറ്റ് & ക്ലീൻ മൂത്തേടം** – മാലിന്യ സംസ്കരണം

അജൈവ മാലിന്യങ്ങളുടെ സംസ്കരണം ഇന്ന് ലോകം നേരിടുന്ന എറ്റവും വലിയ വെല്ലുവിളിയാണ്. ഹരിത കർമ്മ സേനയിലൂടെ മാലിന്യ നിർമാർജ്ജനത്തിൽ നാം വളരെയേറെ മുന്നേറിക്കഴിഞ്ഞു. എന്നാൽ മാലിന്യ സംസ്കരണത്തിന് സ്ഥായിയായ ഒരു സംവിധാനം ഇല്ലാത്തത് നമ്മുടെ മാലിന്യ നിർമാർജ്ജനപ്രവർത്തനങ്ങൾക്ക് ഒരു വിലങ്ങ് തടിയാവുന്നു. ഇതിനൊരു സ്ഥായിയായ പരിഹാരമായി നമ്മുടെ പഞ്ചായത്തിൽ മാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിക്കുന്നത് ഉൾപ്പെടെ മാലിന്യ സംസ്കരണത്തിനായി മാത്രം 29 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സ്നേഹ സ്പർശം (പാലിയേറ്റിവ് കെയർ)

നിരാലംബരേയും കിടപ്പിലായ രോഗികളേയും സഹായിക്കുന്നതിനും, ഡയാലിലിസിസ് സെന്ററിന് വിഹിതം നൽകൽ തുടങ്ങിയ പാലിയേറ്റിവ് പ്രവർത്തനങ്ങൾക്ക് 20 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്

## യൂത്ത് (യുവജനക്ഷേമം)

യുവജനങ്ങളുടെ കലാകായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുക എന്നിവക്കായി ആകെ 5 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്

## സൂര്യ കിരണം (ജനസേവനം കാര്യക്ഷമമാക്കൽ)

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ആവശ്യത്തിനുള്ള കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ ഇൻററനെറ്റ് കണക്ഷൻ എന്നീ സൌകര്യങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. ഫ്രണ്ട് ഓഫീസ് അത്യാധുനിക ഐ എസ് ഒ നിലവാരത്തിലേക്ക് ഉയർന്നു കഴിഞ്ഞു. അപേക്ഷകളിൽ അതത് ദിവസം തന്നെ തീരുമാനമെടുക്കുന്നതിനും പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനും നമുക്കിന്ന് സാധിക്കുന്നു. പഞ്ചായത്തിന്റെ വിവിധ സേവന സങ്കേതങ്ങളുമായി സംയോജിപ്പിച്ച് ഒരു വിരൽ തുമ്പിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകുക എന്ന ലക്ഷ്യത്തിലേക്കായി ആകെ 40 ലക്ഷത്തോളം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വിവിധ ഉറവിടങ്ങളിൽ നിന്നുള്ള വരവുകളുടെ വിശദാംശങ്ങളും മേഖലാടിസ്ഥാനത്തിലുള്ള വിശദമായ ചെലവ് വിശദാംശങ്ങളും അടങ്ങിയ ബജറ്റിന്റെ വിശദഭാഗത്തേക്കു ഞാൻ കടക്കുകയാണ്.

## ബജറ്റ് ആവിഷ്കാരം

## മൂത്തേടം ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | |
|---|---|
| 1. ശ്രീ. അബ്ദുറഹിമാൻ വി പി | – ചെയർപേഴ്സൻ |
| 2. ശ്രീ. സുരേഷ്ബാബു എം | – അംഗം |
| 3. ശ്രീ. സുനിത പ്രകാശൻ | – അംഗം |
| 4. ശ്രീമതി. മൈമൂന | – അംഗം |
| 5. അഖില കെ | – അംഗം |
| 6. ശ്രീ. റെജിമോൻ എം. | – അക്കൌണ്ടന്റ് |

# MOOTHEDAM GRAMA PANCHAYAT

## 2026-2027 BUDGET SUMMARY

| SN | PARTICULARS | BUDGET FOR 2026-2027 |
|---|---|---|
| 1 | Opening Balance | 27153600 |
| 2 | Total Revenue Receipts | 153956400 |
| 3 | Total Capital Receipts | 213883000 |
| 4 | Total Receipts | 367839400 |
| **5** | **Grand Total** | **394993000** |
| 6 | Total Revenue Expenditure | 206337000 |
| 7 | Total Capital Expenditure | 6471000 |
| | Plan Expenditure 2026-27 | 170055000 |
| **8** | **Total Expenditure** | **382863000** |
| **9** | **Closing Balance** | **12130000** |

# MOOTHEDAM GRAMA PANCHAYAT

## 2026-2027 NEW BUDGET

| Sl No. | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | **Opening Balance** | **71498080** | **27153600** |
| | **Revenue Receipt - 1** | | |
| | **Tax Revenues - 110** | | |
| 1 | 1100101 Property Tax (General) | 6000000 | 7000000 |
| 2 | 1101001 Profession Tax – Employees | 1100000 | 1200000 |
| 3 | 1101002 Profession Tax - Traders/ Institutions | 300000 | 350000 |
| | **Total Tax Revenues** | **7400000** | **8550000** |
| | **Fees and User Charges - 140** | | |
| 4 | 1401101 License Fees for IFTEOS | 150000 | 150000 |
| 5 | 1401107 Licence Fees For Livestock Farms | 0 | 5000 |
| 6 | 1401201 Fees for Construction of Buildings | 2500000 | 2000000 |
| 7 | 1401203 Permit Application fee | 150000 | 150000 |
| 8 | 1401205 Fees for Erection of Telecommunication Tower | 50000 | 50000 |
| 10 | 1401302 Fees for Delayed Registration - Birth & Death | 0 | 200 |
| 11 | 1401304 Fee for Marriage Registration | 0 | 20000 |
| 12 | 1401399 Fees for Other Certificates or Extracts | 0 | 200 |
| 13 | 1401701 Regularization Fees | 1500000 | 2000000 |
| 14 | 1402001 Penal Interest | 50000 | 60000 |
| 15 | 1402003 Other Penalities and Fines | 50000 | 60000 |
| 16 | 1402004 Compounding Fee | 0 | 1000 |
| 17 | 1402005 Fine for Dumping Waste | 300000 | 300000 |

| | | | |
|---|---|---|---|
| 18 | 1402006 Fine imposed by Health Authorities | 200000 | 100000 |
| 19 | 1404004 Ownership Change Fees - Fine | 50000 | 60000 |
| 20 | 1404008 Delayed Registration Fees | 0 | 10000 |
| 21 | 1404011 Late Fee | 0 | 10000 |
| | **Total Fees and User Charges** | **5000000** | **4976400** |
| | **Sale and Hire Charges - 150** | | |
| 22 | 1501101 Receipts from Sale of Forms | 300000 | 400000 |
| | **Total Sale and Hire Charges** | **300000** | **400000** |
| | **Revenue Grants, Contributions and Subsidies - 160** | | |
| 23 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 8000000 | 9000000 |
| 24 | 1601012 Fund for Transferred Functions/ Schemes - Widow Pension | 25000000 | 27500000 |
| 25 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 600000 | 700000 |
| 26 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 10000000 | 11000000 |
| 27 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 120000 | 210000 |
| 28 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 40000000 | 45000000 |
| 29 | 1601023 General Purpose Fund | 17668440 | 20820000 |
| 30 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 6000000 | 25000000 |
| | **Total Revenue Grants, Contributions and Subsidies** | **107388440** | **139230000** |
| | **Interest Earned - 171** | | |
| 31 | 1711001 Interest from Bank Accounts | 700000 | 800000 |
| | **Total Interest Earned** | **700000** | **800000** |
| | **Total Revenue Receipt** | **120788440** | **153956400** |
| | **Capital Receipt - 2** | | |
| 32 | 3201020 Integrated Child Development Service | 0 | 4000000 |

| | | | |
|---|---|---|---|
| 33 | 3201027 Swaccha Bharat Mission - Grameen | 6507400 | 700000 |
| 34 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 55000000 | 60000000 |
| 35 | 3202001 Development Fund - General | 33711000 | 28808000 |
| 36 | 3202002 Development Fund - Special Component Plan | 5343000 | 6046000 |
| 37 | 3202003 Development Fund - Tribal Sub-Plan | 3073000 | 2934000 |
| 38 | 3202009 Maintenance Fund - Road Assets | 30463927 | 27127000 |
| 39 | 3202010 Maintenance Fund - Non-Road Assets | 10236137 | 8447000 |
| 40 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State | 64779531 | 5000000 |
| 41 | 3208010 Beneficiary Contribution | 3772123 | 5000000 |
| 42 | 3209001 Contribution to Joint Venture Projects from District Panchayat | 15015000 | 6000000 |
| 43 | 3209002 Contribution to Joint Venture Projects from Block Panchayat | 11184700 | 6000000 |
| | **Total Grants, Contribution for Specific Purposes** | **239085818** | **160062000** |
| | **Secured Loans - 330** | | |
| 44 | 3305002 Loan from Financial Institutions | 0 | 50000000 |
| | **Total Secured Loans** | **0** | **50000000** |
| | **Loans, Advances and Deposits - 460** | | |
| 45 | 4601001 Festival Advance to Employees | 210000 | 200000 |
| 46 | 4605003 Advance to Implementing Officers | 1350000 | 621000 |
| 47 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 2500000 | 3000000 |
| | **Total Loans, Advances and Deposits** | **4260000** | **3821000** |
| | **Total Capital Receipt** | **243345818** | **213883000** |
| | **Revenue Expenditure - 3** | | |
| | **Establishment Expenses - 210** | | |
| 48 | 2101001 Salaries -Secretary | 1000000 | 1500000 |

| | | | |
|---|---|---|---|
| 49 | 2101003 Salaries - Permanent Staff | 8000000 | 15000000 |
| 50 | 2101004 Salaries - Contract Staff | 1500000 | 2000000 |
| 51 | 2101101 Wages | 1500000 | 2000000 |
| 52 | 2101201 Bonus | 4500 | 20000 |
| 53 | 2102001 Travelling Allowances - Secretary | 50000 | 100000 |
| 54 | 2102003 Travelling Allowances - Permanent Staff | 200000 | 300000 |
| 55 | 2102004 Travelling Allowances - Temporary Staff | 100000 | 100000 |
| 56 | 2102006 Other allowances - Secretary | 50000 | 50000 |
| 57 | 2102008 Other allowances - Permanent Staff | 250000 | 200000 |
| 58 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | 2000000 | 2500000 |
| 59 | 2102017 Festival Allowance | 80490 | 150000 |
| 60 | 2102018 Spectacle Allowance | 15000 | 15000 |
| 61 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and | 200000 | 200000 |
| 62 | 2102020 Telephone Allowance - Secretary | 5000 | 5000 |
| 63 | 2102021 Telephone Allowance - Mayor/ Chairperson/ President | 5000 | 5000 |
| 64 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | 5000 | 5000 |
| 65 | 2102024 Shoe Allowance | 2000 | 2000 |
| | **Total Establishment Expenses** | **14966990** | **24152000** |
| | **Administrative Expenses - 220** | | |
| 66 | 2201101 Office Electricity Expenses | 200000 | 250000 |
| 67 | 2201201 Telephone Expenses/ Internet Charges | 350000 | 200000 |
| 68 | 2202001 Books & Periodicals | 30000 | 100000 |
| 69 | 2202101 Printing & Stationery | 500000 | 500000 |
| 70 | 2204001 Insurance | 50000 | 50000 |

| | | | |
|---|---|---|---|
| 71 | 2205101 Miscellaneous Legal Expenses | 100000 | 100000 |
| 72 | 2205201 Professional & Other Fees | 100000 | 50000 |
| 73 | 2206001 Newspaper Advertisement Charges | 75000 | 100000 |
| 74 | 2206099 Other Advertisement & Publicity Charges | 30000 | 150000 |
| 75 | 2206101 Membership & Subscriptions | 30000 | 50000 |
| 76 | 2208003 Grama Sabha/ Ward Sabha Expenses | 10000 | 25000 |
| 77 | 2208099 Miscellaneous Administration Expenses | 1000000 | 1000000 |
| | **Total Administrative Expenses** | **2475000** | **2575000** |
| | **Operation and Maintenance - 230** | | |
| 78 | 2301001 Electricity Charges for Street Lights | 500000 | 600000 |
| 79 | 2301002 Fuel Charges | 200000 | 250000 |
| 80 | 2301003 Electricity Charges of Other Buildings of LB | 200000 | 50000 |
| | **Total Operation and Maintenance** | **900000** | **900000** |
| | **Programe Expenses - 250** | | |
| 81 | 2501001 Election Expenses | 300000 | 300000 |
| 82 | 2502001 Expenditure on Poverty Eradication Program | 55000000 | 60000000 |
| | **Total Programe Expenses** | **55300000** | **60300000** |
| | **Expenses related to State Sponsored Schemes - 254** | | |
| 83 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ | 8000000 | 9000000 |
| 84 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 25000000 | 27500000 |
| 85 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged | 600000 | 700000 |
| 86 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 10000000 | 11000000 |
| 87 | 2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters | 120000 | 210000 |
| 88 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 40000000 | 45000000 |

| | | | |
|---|---|---|---|
| 89 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 6000000 | 25000000 |
| | **Total Expenses related to State Sponsored Schemes** | **89720000** | **118410000** |
| | **Total Revenue Expenditure** | **163361990** | **206337000** |
| | **Capital Expenditure - 4** | | |
| 90 | 3501116 Pension Contribution Payable | 1000000 | 1200000 |
| 91 | 3501122 Leave Salary Payable | 750000 | 1000000 |
| 92 | 3501123 Wages/ Honorarium Payable | 110000 | 150000 |
| 93 | 3501301 Employers Liabilities - Pension Contribution (NPS) | 200000 | 300000 |
| | **Total Payment of Recoveries** | **2060000** | **2650000** |
| 94 | 4601001 Festival Advance to Employees | 105000 | 200000 |
| 95 | 4605003 Advance to Implementing Officers | 600000 | 621000 |
| 96 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 2500000 | 3000000 |
| | **Total Loans, Advances and Deposits** | **3205000** | **3821000** |
| | **Total Capital Expenditure** | **5265000** | **6471000** |
| | **Total Expenditure** | **168626990** | **212808000** |
| | **Total Receipts** | **364134258** | **367839400** |
| | **Balance** | | **182185000** |
| | **2026-27 Plan Expenditure** | | **170055000** |
| | **Balance** | | **12130000** |

| മൂത്തേടം ഗ്രാമ പഞ്ചായത്ത്- 2026-27 വാർഷിക പദ്ധതി | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Pro. No | ProjectName | PlanGen | SCP | TSP | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Total |
| 1 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 300000 |
| 2 | പേവിഷബാധ മുക്ത മൂത്തേടം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 3 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 700000 |
| 4 | വിധവാ ക്ഷീര കർഷകരുടെയും നിരാലംബരായ വനിതാകർഷകരുടേയും കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 400000 |
| 5 | ലൈഫ് ഭവന പദ്ധതി - ജനറൽ | 2000000 | 0 | 0 | 0 | 22000000 | 0 | 4400000 | 4400000 | 0 | 0 | 50000000 | 82800000 |
| 6 | നെൽകൃഷി വികസനം | 291000 | 0 | 0 | 0 | 0 | 0 | 74000 | 0 | 0 | 0 | 201000 | 566000 |
| 7 | അനുപൂരക പോഷകാഹാരം ജനറൽ | 800000 | 0 | 0 | 4100000 | 0 | 0 | 0 | 0 | 0 | 0 | 0 | 4900000 |
| 8 | അനുപൂരക പോഷകാഹാരം- എസ് ടി | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 9 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 230500 | 0 | 0 | 0 | 0 | 50 | 0 | 0 | 0 | 0 | 0 | 230550 |
| 10 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോർഷിപ് | 1200000 | 0 | 0 | 0 | 0 | 200000 | 700000 | 233333 | 0 | 0 | 0 | 2333333 |
| 11 | അങ്കണവാടി കാലോത്സവം | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 12 | ജാഗ്രത സമിതി ശക്തീകരണം CWF നിയമനവും | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 13 | ഭിന്നശേഷി കലോത്സവം | 70000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 70000 |
| 14 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 16 | ഐ എസ്ഒ സർട്ടിഫിക്കേഷൻ | 0 | 0 | 0 | 0 | 0 | 20000 | 0 | 0 | 0 | 0 | 0 | 20000 |
| 17 | ഐ കെ എം വിഹിതം നൽകൽ | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 18 | ചീനിക്കുന്ന് വട്ടപ്പാടം അഗനവാടികളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 19 | എസ് എസ് കെ വിഹിതം അടവാക്കൽ-ജനറൽ | 1089000 | 0 | 0 | 0 | 0 | 11000 | 0 | 0 | 0 | 0 | 0 | 1100000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 20 | എസ് എസ് കെ വിഹിതം അടവാക്കൽ- എസ് സി | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 21 | എസ് എസ് കെ വിഹിതം അടവാക്കൽ- എസ് ടി | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 22 | അംഗൻവാടി പ്രവർത്തകർക്ക് അധികവേതനം | 1051200 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 23 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 |
| 24 | ലൈഫ് മിഷൻ വായ്പ്പാ തിരിച്ചടവ് - ജനറൽ | 8000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 25 | ലൈഫ് മിഷൻ വായ്പ്പാ തിരിച്ചടവ്- പട്ടിക ജാതി | 0 | 2436000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 26 | ലൈഫ് മിഷൻ വായ്പ്പാ തിരിച്ചടവ്- പട്ടിക വർഗ്ഗം | 0 | 0 | 949000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 27 | തടപ്പറമ്പ് പായിമ്പാടം അങ്കണവാടികളുടെ പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 |
| 28 | ബഡ്സ് റിഹാബിലിറ്റേഷൻ സെൻററർ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 0 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 29 | മൂത്തേടം പി എച്ച് സി നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 30 | ചോളമുണ്ട ജി എൽ പി എസ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 557600 | 0 | 0 | 557600 |
| 31 | കുടുംബശ്രീ ജനകീയ ഹോട്ടൽ | 135000 | 0 | 0 | 0 | 0 | 15000 | 0 | 0 | 0 | 0 | 0 | 150000 |
| 32 | ചീനിക്കുന്ന് തടപറമ്പ് വട്ടപ്പാടം പായിമ്പാടം അംഗൻവാടികളുടെ വൈദ്യുതീകരണം പൂർത്തീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 33 | ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ടീച്ചർക്കും ആയക്കും വേതനം | 675000 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 725000 |
| 34 | ബഡ്സ് സ്കൂൾ കലോത്സവം | 0 | 0 | 0 | 0 | 0 | 20000 | 0 | 0 | 0 | 0 | 0 | 20000 |
| 37 | ബഡ്സ് സ്കൂളിലേക്ക് ഭക്ഷണം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 38 | അങ്കണവാടികൾക്ക് അവശ്യ വസ്തുക്കൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 40 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 41 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം | 0 | 125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 |
| 42 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 43 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 44 | ദുരന്ത നിവാരണ പ്രതികരണ പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 100000 |
| 45 | ഗെയിംസ് ഫെസ്റ്റിവൽ | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 50000 |
| 46 | പി എം എ വൈ വിഹിതം നൽകൽ - ജനറൽ | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 47 | ജലനിധി പദ്ധതികളുടെ നവീകരണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 0 | 150000 |
| 48 | അതിദരിദ്രർക്ക് ഭക്ഷണം നൽകൽ | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 49 | ലൈഫ് മിഷൻ – എസ് സി | 0 | 800000 | 0 | 0 | 4000000 | 0 | 400000 | 400000 | 0 | 0 | 4000000 | 9600000 |
| 50 | പി എം എ വൈ വിഹിതം നൽകൽ – പട്ടികജാതി | 0 | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 51 | വീട് വാസയോഗ്യമാക്കൽ – എസ് സി | 0 | 1785000 | 0 | 0 | 0 | 15000 | 0 | 0 | 0 | 0 | 0 | 1800000 |
| 52 | പരിരക്ഷ പാലിയേറ്റീവ് പരിചരണം | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 53 | വീട് വാസയോഗ്യമാക്കൽ – എസ് ടി | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 54 | ലൈഫ് മിഷൻ – എസ് ടി | 0 | 0 | 100000 | 0 | 1600000 | 0 | 200000 | 200000 | 0 | 0 | 1600000 | 3700000 |
| 55 | പി എം ജൻമൻ – വിഹിതം | 0 | 0 | 210000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 210000 |
| 56 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 0 | 0 | 0 | 0 | 0 | 77000 | 0 | 0 | 0 | 0 | 0 | 77000 |
| 57 | പി എം എ വൈ വിഹിതം നൽകൽ – പട്ടികവർഗം | 0 | 0 | 375000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 375000 |
| 59 | കേരളോൽസവം | 0 | 0 | 0 | 0 | 0 | 125000 | 0 | 0 | 0 | 0 | 0 | 125000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 60 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം - വ്യക്തിഗതം | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 500000 |
| 61 | സ്കൂൾകുട്ടികൾക്ക് നീന്തൽ പരിശീലനം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 62 | വനിത സ്വയം തൊഴിൽ - ഗ്രൂപ്പ് സംരംഭം | 375000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 | 500000 |
| 63 | അസിസ്റ്റൻറ് എഞ്ചിനിയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 188300 | 0 | 0 | 0 | 0 | 250000 | 0 | 0 | 0 | 0 | 0 | 438300 |
| 65 | നെല്ലിക്കുത്ത് പുഴക്കടവ് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 66 | പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 1300000 | 0 | 0 | 1400000 |
| 67 | എം ജി എൻ ആർ ഇ ജി എസ് ഓഫിസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 68000 | 0 | 0 | 0 | 0 | 0 | 68000 |
| 68 | പെരുപ്പാറ കൽക്കുളം സ്കൂൾപ്പടി റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 70 | തളിപ്പാടം കൽക്കുളം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 71 | കരപ്പുറം ബലംകുളം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 72 | പേരൂപ്പാറ കരീക്കുന്ന് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 73 | വിജയഭേരി വിജയസ്പർശം | 0 | 0 | 0 | 0 | 0 | 75000 | 0 | 0 | 0 | 0 | 0 | 75000 |
| 74 | സമഗ്ര ആരോഗ്യ പരിപാടി | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 75 | സാക്ഷരതാ തുല്യതാ പരിപാടി | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 68750 | 118750 |
| 76 | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ബോധവത്കരണ ക്ലാസ്സ് | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 77 | അംഗീകൃത ക്ളബ്ബുകൾക്ക് സ്പോർട്സ് കിറ്റ് | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 50000 |
| 78 | സായാഹ്ന ഒപി ഡോക്ടർക്കുംപാരാമെഡിക്കൽ സ്റ്റാഫിനും വേതനം | 714000 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 914000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 79 | ചുങ്കത്തറ സിഎച്ച്സി ഡയാലിസിസ് സെൻററിന് പഞ്ചായത്ത് വിഹിതം നൽകൽ | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 80 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 81 | ക്ഷയ രോഗികൾക്ക് പോഷകാഹാര കിറ്റ് | 0 | 0 | 0 | 0 | 0 | 80000 | 0 | 0 | 0 | 0 | 0 | 80000 |
| 83 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 84 | പട്ടികവർഗ്ഗ കോളനികളിൽ മെഡിക്കൽ ക്യാമ്പ് | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 85 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | 0 | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 86 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 87 | പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പി എസ് സി കോച്ചിങ് | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 88 | കാരപ്പറം താളിപ്പാടം പെരുപ്പാറ റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 89 | പുതുവായ് വെള്ളാരമുണ്ട റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 90 | മുണ്ടക്കൈ താഴെ പാലാങ്കര റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 91 | തെങ്ങു കൃഷി വികസനം | 1205000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 401667 | 1606667 |
| 92 | ചോളമുണ്ട ജി എൽ പി സ്കൂളിലേക്ക് ഫർണിച്ചർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 93 | പാറായിപ്പടി മുണ്ടക്കൈ ഉഴലക്കൽ റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 94 | വട്ടപ്പാടം തവളമുണ്ട റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 95 | കുറ്റിക്കാട് കാരപ്പറം റോഡ് മെയിൻ്റനൻസ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 96 | ചോളമുണ്ട ജി എൽ പി സ്കൂളിലെ പ്രീ പ്രൈമറിയിലേക്ക് കളിയുപകരണങ്ങൾ | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 97 | പാലാങ്കര സൊസൈറ്റിപ്പടി റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 98 | വയോജന ക്ലബ്ബുകളുടെ രൂപീകരണവും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലും | 0 | 0 | 0 | 0 | 0 | 90000 | 0 | 0 | 0 | 0 | 0 | 90000 |
| 99 | അങ്കണവാടികളിലേക്ക് കളി ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 100 | കല്ലേന്തോട് മൂക്ക് കാരപ്പുറം റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 101 | വയോജന കലോത്സവം | 0 | 0 | 0 | 0 | 0 | 40000 | 0 | 0 | 0 | 0 | 0 | 40000 |
| 102 | മരുതങ്ങാട് ചാമപറമ്പ് ബൈപാസ് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 103 | ചാമപറമ്പ് മുപ്പിനി വരക്കോട് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 104 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2000000 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 0 | 2500000 |
| 105 | ആയുർവേദ ഡിസ്പെൻസറി നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 106 | ഹാപ്പിനെസ് പാർക്ക് നിർമ്മാണം | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 107 | വിവിധ ആരാധനാലയങ്ങളിൽ കമ്മ്യൂണിറ്റി ടോയ്ലറ്റ് നിർമ്മാണം | 0 | 0 | 0 | 420000 | 0 | 0 | 0 | 0 | 0 | 0 | 180000 | 600000 |
| 108 | കൽക്കുളം കോരൻകുന്ന് എസ് സി കോളനി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 | 0 | 700000 |
| 109 | കാറ്റാടി ചേലക്കടവ് കോട്ടാശ്ശേരികുന്ന് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 110 | മരംവെട്ടിച്ചാൽ കാരോട് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 111 | ചേലക്കടവ് പന്നിക്കുഴി റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 112 | കാറ്റാടി മൂച്ചിപ്പരത മരത്തിൻകടവ് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 113 | കാരപ്പറം മൂത്തേടം റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4901600 | 0 | 4901600 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 114 | വരക്കോട് എസ് റ്റി കോളനി സംരക്ഷണം പൂർത്തീകരണം | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 115 | പകൽ വീട്ടിലേക്കു ഭക്ഷണം കെയർ ടേക്കർ വേതനം നൽകൽ റെക്രീയേഷൻ ഉപകരണങ്ങൾ വാങ്ങൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 116 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 117 | പരിരക്ഷ- ആയുർവേദം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 118 | വനിതകൾക്ക് യോഗ പരിശീലനം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 119 | എ ബി സി പദ്ധതി - വിഹിതം നൽകൽ | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 50000 |
| 120 | വയോമിത്രം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 121 | വാഴ കൃഷി വികസനം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 700000 |
| 124 | സൌരോർജ്ജ വേലിക്കു ധനസഹായം | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 700000 |
| 125 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 126 | വീട്ടിൽ ഒരു അടുക്കള തോട്ടം | 654000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 218000 | 872000 |
| 127 | മരത്തിൻകടവ് അരുവിക്കര റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 128 | വനിതാ ഫിറ്റ്നസ് സെന്റർ | 1050000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1050000 |
| | **ആകെ** | **28808000** | **6046000** | **2934000** | **4520000** | **27600000** | **2286050** | **5774000** | **5733333** | **6757600** | **21701600** | **57894417** | **170055000** |